# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4611

04.02.2014-ൽ മറുപടിയ്ക്ക്

## പുതുക്കാട് മണ്ഡലത്തിലെ പാലിയേക്കര ടോൾ പ്ലാസ്സയിൽ സൗജന്യ പാസ്സ്

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) 19.11.2013 തീയതിയിലെ 15783/എച്ച്2/12/പി.ഡബ്ല്യു.ഡി എന്ന കത്ത് പ്രകാരം പുതുക്കാട് മണ്ഡലത്തിലെ പാലിയേക്കര ടോൾ പ്ലാസ്സയിൽ സൗജന്യപാസ്സ് ലഭിക്കുന്നതിനു വേണ്ടി ആൾക്കാർക്ക് പല ഓഫീസുകളിൽ പോകേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ബി) ഇത് കാരണം സ്ഥല വാസികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) :<br>ഉണ്ട്. |
| (സി) നിലവിൽ സൗജന്യപാസ്സ് വിതരണം ചെയ്യുന്നതുപോലെ പാലിയേക്കര ടോൾ പ്ലാസ്സയിൽ നിന്നും സൗജന്യ പാസ്സ് വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ; | (സി) പുതുക്കിയ സംവിധാനം നടപ്പിലാക്കി തുടങ്ങിയിട്ടില്ല. പാലിയേക്കര ടോൾ പ്ലാസ്സയിൽ നിന്നു തന്നെ പാസ്സ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) പല ഓഫീസുകളിലായി പോയി നടപടികൾ തീർപ്പാക്കുന്നതിന് പകരം ടോൾപ്ലാസ്സയിൽ സൗജന്യപാസ്സ് വിതരണത്തിനായി ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ജനങ്ങളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് പാസ്സ് വിതരണത്തിന് നിലവിലുള്ള സമ്പ്രദായം തന്നെ തുടരുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ